# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ഫെബ്രുവരി 21**

---

## ലബോറട്ടറി ടെക്നീഷ്യൻ; വാക്ക്-ഇൻ ഇൻറർവ്യൂ

കോട്ടയം തലപ്പാടി, അന്തർ സർവകലാശാലാ ബയോമെഡിക്കൽ ഗവേഷണ കേന്ദ്രത്തിൽ ലബോറട്ടറി ടെക്നീഷ്യൻറെ ഒരൊഴിവിലേക്ക് കരാർ നിയമനം നടത്തുന്നു. ബി.എസ്.സി ലബോറട്ടറി ടെക്നീഷ്യൻ ബിരുദവും മൂന്നു വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയവും ആണ് അടിസ്ഥാന യോഗ്യത.

താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളും സഹിതം മാർച്ച് ഒന്നിന് രാവിലെ 10.30 ന് അന്തർ സർവകലാശാല ബയോമെഡിക്കൽ ഗവേഷണ കേന്ദ്രത്തിൽ നടക്കുന്ന വാക്ക്-ഇൻ ഇൻറർവ്യുവിന് ഹാജരാകണം. കൂടുതൽ വിവരങ്ങൾ www.iucbr.ac.in എന്ന വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/208/2023)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

ഒന്നാം സെമസ്റ്റർ എം.ബി.എ (2017,2018 അഡ്മിഷനുകൾ സപ്ലിമെൻററി, 2016 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾക്ക് പിഴ കൂടാതെ മാർച്ച് ആറു വരെ അപേക്ഷിക്കാം.

പിഴയോടു കൂടി മാർച്ച് ഏഴിനും സൂപ്പർ ഫൈനോടു കൂടി മാർച്ച് എട്ടിനും അപേക്ഷ സ്വീകരിക്കും. വിദ്യാർഥികൾ പരീക്ഷാ ഫീസിനോടൊപ്പം 50 രൂപ (പരമാവധി 300 രൂപ) സി.വി. ക്യാമ്പ് ഫീസ് അടയ്ക്കണം.

ആദ്യ മെഴ്സി ചാൻസ്(2016 അഡ്മിഷൻ) വിദ്യർഥികൾ 5515 രൂപയും രണ്ടാം മെഴ്സി ചാൻസ്(2015 അഡ്മിഷൻ) വിദ്യർഥികൾ 7720 രൂപയും പരീക്ഷാഫീസിനും സി.വി ക്യാമ്പ് ഫീസിനുമൊപ്പം സ്പെഷ്യൽ ഫീസ് ഇനത്തിൽ അടയ്ക്കണം

.........................................

ഒന്നാം സെമസ്റ്റർ ബി.വോക് (പുതിയ സ്കീം - 2022 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറും റീ-അപ്പിയറൻസും, 2019,2018 അഡ്മിഷനുകൾ റീ-അപ്പിയറൻസ്)

പരീക്ഷയ്ക്ക് പിഴയോടെ ഇന്ന് (ഫെബ്രുവരി 22) അപേക്ഷ നൽകാം. നാളെ(ഫെബ്രുവരി 23) സൂപ്പർ ഫൈനോടെ അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/209/2023)

## പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ബി.എ മദ്ദളം കഥകളി വേഷം (സി.ബി.സി.എസ് - 2020 അഡ്മിഷൻ റഗുലർ,2017,2018,2019 അഡ്മിഷനുകൾ റീ-അപ്പിയറൻസ് - ഡിസംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി 23 മുതൽ തൃപ്പൂണിത്തുറ, ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആൻറ് ഫൈൻ ആർട്സിൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

.....................................

2022 നവംബറിൽ വിജ്ഞാപനം പുറപ്പെടുവിച്ച അഞ്ചാം സെമസ്റ്റർ ബി.എ മൾട്ടിമീഡിയ, ബി.എ വിഷ്വൽ കമ്മ്യൂണിക്കേഷൻ, ബി.എ ഓഡിയോഗ്രാഫി ആൻറ് ഡിജിറ്റൽ എഡിറ്റിംഗ് (സി.ബി.സി.എസ് - 2020 അഡ്മിഷൻ റഗുലർ, 2017,2018,2019 അഡ്മിഷനുകൾ റീ-അപ്പിയറൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി 27 മുതൽ ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/210/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**